**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5426** — **12-08-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ റിക്രൂട്ട്മെന്റ് ബോർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | **Shri. V. N. Vasavan**<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ ബാങ്കുകളിലെ ഒഴിവുകൾ നികത്തുന്നതിന് രൂപം കൊടുത്ത റിക്രൂട്ട്മെന്റ് ബോർഡ് ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്ന രീതി വിശദമാക്കാമോ; | (എ) | കേരള സഹകരണ സംഘം ആക്ട് 1969 ലെ വകുപ്പ് 80 ബി അനുസരിച്ച് കേരളത്തിലെ പ്രാഥമിക കാർഷിക ക്രെഡിറ്റ് സംഘങ്ങൾ, അർബൻ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നീ സംഘങ്ങളിൽ നേരിട്ട് നിയമനം നടത്തപ്പെടുന്ന ജൂനിയർ ക്ലാർക്ക് മുതൽ മുകളിലോട്ടുള്ള എല്ലാ തസ്തികകളിലേയ്ക്കും എഴുത്തുപരീക്ഷ നടത്തുന്നതിന് വേണ്ടിയാണ് ബോർഡ് രൂപീകരിച്ചിട്ടുള്ളത്. സംഘം/ബാങ്കുകളിൽ വരുന്ന ഒഴിവുകളിൽ പരീക്ഷാ ബോർഡ് വിജ്ഞാപനം നടത്തി ഒ.എം.ആർ പരീക്ഷ നടത്തുന്നു. ഇന്റർവ്യൂവിന് അർഹരായ ഒരൊഴിവിന് പതിനഞ്ച് ഉദ്യോഗാർത്ഥികളെ വീതം സംഘം/ബാങ്കിന് നൽകുന്നു. സംഘം/ബാങ്ക് അഭിമുഖം നടത്തി പരീക്ഷാ ബോർഡിന് നൽകുന്ന ലിസ്റ്റ് അനുസരിച്ച് പരീക്ഷാ ബോർഡ് റാങ്ക് ലിസ്റ്റ് തയ്യാറാക്കി ഒഴിവുകളിലേക്ക് അഡ്വൈസ് ചെയ്യുന്നു. തുടർന്ന് സംഘം/ബാങ്ക് നിയമനം നടത്തുന്നു. ഒ.എം.ആർ പരീക്ഷ 80 മാർക്കിനും ഇന്റർവ്യൂ 15 മാർക്കിനും ആണ് നടത്തുക. |
| (ബി) | റിക്രൂട്ട്മെന്റ് ബോർഡ് മുഖേന നിയമനം നടത്തേണ്ട തസ്തികകളുടെ റേഷ്യോ നിശ്ചയിക്കുന്നത് ഏത് മാനദണ്ഡപ്രകാരമാണ്; | (ബി) | സംഘം/ബാങ്ക് ജൂനിയർ ക്ലാർക്ക് തസ്തികയിലെ നിയമനം 1:4 എന്ന അനുപാതത്തിൽ ആയിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സഹകരണ നിയമം, ചട്ടം 185(2) (IV) പ്രകാരം 10 കോടി രൂപയിൽ അധികരിച്ച നിക്ഷേപം ഉള്ള പ്രാഥമിക സഹകരണ സംഘം/അർബൻ ബാങ്കുകളിലെ അസിസ്റ്റന്റ് സെക്രട്ടറി/മാനേജർമാരും തത്തുല്യ തസ്തികകളിലേയും ഒഴിവുകൾ സ്ഥാനക്കയറ്റം വഴിയും നേരിട്ടുള്ള നിയമനം വഴിയും നികത്തുന്നത് 3:1 എന്ന റേഷ്യോയിൽ ആയിരിക്കും. |
| (സി) | ബാങ്ക് ഭരണ സമിതികൾക്ക് ഏതൊക്കെ തസ്തികകളിലേയ്ക്കാണ് പരീക്ഷ/ഇന്റർവ്യൂ നടത്തി | (സി) | സബ്-സ്റ്റാഫ് വിഭാഗത്തിൽപ്പെട്ട ജീവനക്കാരെ നേരിട്ട് നിയമിക്കുന്നതിനുള്ള അധികാരം ബന്ധപ്പെട്ട |

| | | | |
|---|---|---|---|
| | നേരിട്ട് നിയമിക്കാൻ അനുമതിയുള്ളതെന്ന് വ്യക്തമാക്കാമോ? | | ബാങ്ക് ഭരണസമിതികളിൽ നിക്ഷിപ്തമാണ്. |

സെക്ഷൻ ഓഫീസർ